# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3876

15.03.2017 - ൽ മറുപടിക്ക്.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം

ചോദ്യം
ശ്രീ. ജയിംസ് മാത്യു,
ശ്രീ. കെ ആൻസലൻ,
ശ്രീ. പി. ഉണ്ണി,
ശ്രീ. കെ ദാസൻ.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (എ) : ഉണ്ട്. എല്ലാ വ്യവസായ എസ്റ്റേറ്റുകളിലും എസ്റ്റേറ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ അനധികൃത കൈമാറ്റങ്ങൾ കണ്ടെത്തുന്നതിന് സർവ്വേ നടത്തുകയും ഇത്തരത്തിൽ കണ്ടെത്തിയ കേസുകളിൽ അർഹമായവ റഗുലറൈസ് ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വ്യവസായ മേഖലകളിലെ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്-ലോഡ് ചെയ്യുന്നതിനും ഭൂമിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കൃത്യമായി വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മുൻകാലങ്ങളിൽ വിവിധ സംരംഭങ്ങൾക്കായി ഏറ്റെടുക്കുകയും പ്രവർത്തനം ആരംഭിക്കാതിരിക്കുകയോ പ്രവർത്തനം നിലയ്ക്കുകയോ ചെയ്തിട്ടുമുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള സ്ഥലം തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) : ഉണ്ട്. |
| (സി) വ്യവസായം ആരംഭിക്കുന്നതിന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമിയോ കെട്ടിടങ്ങളോ ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളത് ; നടപടിക്രമങ്ങൾ വേഗത്തിലും | (സി) : വ്യവസായം ആരംഭിക്കുന്നതിന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമിയോ കെട്ടിടങ്ങളോ ലഭ്യമാക്കുന്നത് ഓരോ വർഷവും തയ്യാറാക്കുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണ്. വികസന പ്ലോട്ട്/വികസന ഏരിയകളിൽ |

| | |
|---|---|
| സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | ഓരോ വർഷവും ലഭിക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകൾ ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി പരിഗണിക്കുന്നു. നിക്ഷേപം, സെയിൽസ് ടേണോവർ, സംരംഭകത്വം, തൊഴിലവസരം, സാങ്കേതിക വിദ്യ, വിദേശ വിനിമയ നേട്ടം, വൈദ്യുതി ലഭ്യത, പ്രോജക്ടിന്റെ സാധ്യത, സംരംഭകന്റെ സാമ്പത്തിക പശ്ചാത്തലം, പരിസ്ഥിതി ആഘാതം, നിലനിൽക്കുന്ന പദ്ധതികളുടെ വികാസം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള പ്രൊപ്പൊസലുകൾ വിലയിരുത്തി കമ്മിറ്റി മുൻഗണനാ പട്ടിക തയ്യാറാക്കുന്നു. ഇത്തരത്തിൽ തയ്യാറാക്കുന്ന പട്ടികയുടെ കാലാവധി ഓരോ വർഷവും ജനുവരി 1-ന് ആരംഭിക്കുകയും ഡിസംബർ 31-ന് അവസാനിക്കുകയും ചെയ്യും. 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് സ്ഥലം അനുവദിക്കുന്നത്.<br>നടപടിക്രമങ്ങൾ ഇപ്പോൾ വേഗത്തിലും സുതാര്യവുമായാണ് നടക്കുന്നത്. |

സെക്ഷൻ ഓഫീസർ.